# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 613** — **08.08.2017-ൽ മറുപടിക്ക്**

### വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

| | ചോദ്യം<br>**ശ്രീ. എ.പി. അനിൽ കുമാർ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.വി.ടി.ബൽറാം**<br>**ശ്രീ.അൻവർ സാദത്ത്:** | | **ഉത്തരം**<br>**ശ്രീ. എം.എം. മണി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വൈദ്യുതി വിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി/ എൽ.റ്റി അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മരച്ചില്ലകൾക്കിടയിലൂടെ കടന്ന് പോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable) / ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക തുടങ്ങിയ പ്രവർത്തികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ഡി.ഡി.യു.ജി.ജെ.വൈ. (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി), ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന പദ്ധതി), എന്നിവയും നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതികൾക്കുള്ള തുക എങ്ങനെയാണ് കണ്ടെത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വാർഷിക പദ്ധതിയ്ക്കായുള്ള തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ടിൽ നിന്നും വിവിധ കേന്ദ്ര/സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയുമാണ് കണ്ടെത്തുന്നത്. |
| (സി) | ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തികൾ മാർച്ച് 2018-ഓടു കൂടിയും ഡി.ഡി.യു.ജി.ജെ.വൈ. (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി) പദ്ധതി 30.06.2018-നും, ഐ.പി.ഡി.എസ്. പദ്ധതി 31.12.2018-നും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടുന്നത്. |

Hemalatha

**സെക്ഷൻ ഓഫീസർ**